(സി) പ്രസ്തുത മേളകളുടെ നടത്തിപ്പിന് പ്രതിവർഷം എത്ര തുക വേണ്ടി വരുന്നുണ്ട്;

(ഡി) ഈ വർഷം ഈ പദ്ധതി വേണ്ടെന്ന് വച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നൽകുന്നുണ്ട്.

(ബി) ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 300, 200, 100 രൂപ വീതം നൽകിവരുന്നു.

(സി) ക്യാഷ് അവാർഡ് നൽകുന്നതുൾപ്പെടെ 72 ലക്ഷത്തിൽപരം രൂപ പ്രതിവർഷം വേണ്ടിവരുന്നുണ്ട്.

(ഡി) ഈ വർഷവും നടപ്പിലാക്കിയിരുന്നു.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

കാസർഗോഡ് ഗവൺമെന്റ് ഹൈസ്ക്കൂൾ കെട്ടിടം പുതുക്കിപ്പണിയാൻ പ്രോജക്ട്

50 [1410] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവൺമെന്റ് ഹൈസ്ക്കൂളിന് നിലവിൽ എത്ര ഏക്കർ സ്ഥലമുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഹൈസ്ക്കൂളിന്റെ കെട്ടിടം പുതുക്കിപ്പണിയാൻ കാസർഗോഡ് മുനിസിപ്പാലിറ്റി പ്രോജക്ടുകളെന്തെങ്കിലും സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ മേൽ പ്രോജക്ടിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രോജക്ടിൻമേൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 4.75 ഏക്കർ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) പരിശോധിച്ചു വരുന്നു.

താമരശ്ശേരിയിൽ ജില്ലാ വിദ്യഭ്യാസ ഓഫീസ്

51 [1411] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരിയിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസ് അനുവദിക്കണമെന്ന ആവശ്യത്തിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിലെ മലയോര കുടിയേറ്റ മേഖലകളിലെ പതിനായിരക്കണക്കിന് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും ഏറെ ഗുണപ്രദവും സഹായകരവുമായ ഈ ഓഫീസ് എത്രയും വേഗത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) താമരശ്ശേരി ആസ്ഥാനമായി ഒരു പുതിയ ജില്ലാ വിദ്യാഭ്യാസ ഓഫീസ് രൂപീകരിക്കുമ്പോൾ സർക്കാരിന് പ്രതിവർഷം 8,20,904 രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നതിനാൽ സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത്, ടി നിർദ്ദേശം ഇപ്പോൾ പരിഗണിക്കാൻ നിർവാഹമില്ല. എന്നാൽ അധിക സാമ്പത്തിക ബാദ്ധ്യത വരാത്തവിധം ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരുക്കാൻ സാധിക്കുമോ, സ്റ്റാഫിനെ പുനർവിന്യാസത്തിലൂടെ കണ്ടെത്താൻ കഴിയുമോ എന്നീ കാര്യങ്ങൾ പരിശോധിച്ചുവരികയാണ്.

ഇടുക്കി ജില്ലയിലെ ഡി. പി. ഇ. പി. സ്കൂളുകൾ

52 [1412] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 വിദ്യാഭ്യാസവർഷത്തിൽ ഇടുക്കി ജില്ലയിൽ ഡി.പി.ഇ.പി.-യുടെ കീഴിൽ എത്ര സ്കൂളുകളാണ് ആരംഭിച്ചത്;

(ബി) ഇവയിൽ ആദിവാസി മേഖലകളിൽ എത്ര സ്കൂളുകളുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly